പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2536. 17.08.2017 ന് മറുപടിയ്ക്ക്.

## കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ.

*ചോദ്യം*

ശ്രീ.പി. ഉണ്ണി :

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഏക ഐ.ടി.ഐ. ആയ കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ.യെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.യുടെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ?

*ഉത്തരം*

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി സ്ഥലം ഇതുവരെയും കൈമാറി ലഭിച്ചിട്ടില്ല. സ്വന്തമായി സ്ഥലവും കെട്ടിടവും മറ്റ് ഭൗതിക സൗകര്യങ്ങളും ലഭ്യമായാൽ മാത്രമേ ഐ.ടി.ഐകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി പരിഗണിക്കാൻ കഴിയുകയുള്ളൂ.

(ബി) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐയിൽ അനുവദിച്ച ഡ്രാഫ്റ്റ്സ്മാൻ സിവിൽ, പ്ലംബർ എന്നീ ട്രേഡുകളിൽ പരിശീലനം നൽകുന്നതിനായി 8 തസ്തികകൾ ജി.ഒ (എം.എസ്) നമ്പർ 175/16/തൊഴിൽ തീയതി 05/11/2016 പ്രകാരം അനുവദിച്ചിട്ടുണ്ട്.

ടി ഐ.ടി.ഐ.യിലെ ഡി.സിവിൽ, പ്ലംബർ എന്നീ ട്രേഡുകളിലേക്കുള്ള ഉപകരണ സംഭരണ നടപടികളുടെ ഭാഗമായി യഥാക്രമം Rs.47,46,315/-, Rs.8,27,960/- രൂപയുടെ പാക്കേജുകൾ തയ്യാറാക്കി തുടർനടപടി സ്വീകരിച്ചു വരുന്നു. ടി ഐ.ടി.ഐ യ്ക്ക് സ്ഥലം കൈമാറി ലഭിക്കുന്നമുറയ്ക്ക് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ